# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ്ടവർ, കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി:10/08/2021

## പത്രക്കുറിപ്പ്

### റിട്ടേൺ കുടിശ്ശിക: ഓഗസ്റ്റ് 15 മുതൽ ഇ – വേ ബിൽ തടസ്സപ്പെട്ടും.

തിരുവനന്തപുരം: ചരക്ക് സേവന നികുതി റിട്ടേൺ കുടിശ്ശികയുള്ള വ്യാപാരികളുടെ ഇ – വേ ബിൽ സൗകര്യം തടയുന്നത് ഓഗസ്റ്റ് 15 ന് പുനരാരംഭിക്കും.

ജി.എസ് .റ്റി .ആർ– 3 ബി , ജി .എസ് .റ്റി – സി .എം .പി –08 എന്നീ റിട്ടേണുകളിൽ രണ്ടോ അതിൽ കൂടുതലോ റിട്ടേൺ കുടിശ്ശികയുള്ള വ്യാപാരികളുടെ ഇ –വേ ബിൽ സൗകര്യമാണ് തടസ്സപെടുന്നത്.

2021 ജൂൺ മാസം വരെ രണ്ടോ അതിൽ കൂടുതലോ ജി.എസ്.റ്റി.ആർ – 3–ബി റിട്ടേണുകൾ കുടിശ്ശികയുള്ള വ്യാപാരികൾക്കും, ത്രൈമാസം ഏപ്രിൽ മുതൽ ജൂൺ 2021 വരെ കോമ്പോസിഷൻ നികുതിദായകർ ഫയൽ ചെയ്യേണ്ട സ്റ്റേറ്റ്മെന്റ് ഫോം ജി .എസ് .റ്റി– സി .എം .പി –08 ഇൽ രണ്ടോ അതിൽ കൂടുതലോ കുടിശ്ശികയുള്ള വ്യാപാരികളുടെയും ഇ– വേ ബിൽ ഓഗസ്റ്റ് 15 മുതൽ തടസ്സപ്പെട്ടും.

ഇ– വേ ബിൽ സംവിധാനം തടസ്സമില്ലാതെ തുടർന്നും ലഭിക്കുവാൻ വ്യാപാരികൾ കുടിശ്ശികയുള്ള ജി. എസ് .റ്റി .ആർ– 3 ബി, ജി .എസ് .റ്റി – സി .എം .പി –08 എന്നീ റിട്ടേണുകൾ ഉടൻ തന്നെ ഫയൽ ചെയ്യണമെന്ന് നികുതി വകുപ്പ് കമ്മിഷണർ അറിയിച്ചു.

SD/-
COMMISSIONER.